## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.107** **04.02.2013-ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് എത്ര ടി.എം.സി വെള്ളമാണ് കേരളത്തിനു ലഭിക്കേണ്ടത്; | (എ) | പറമ്പിക്കുളം ആളിയാർ പദ്ധതി കരാറനുസരിച്ച് ഒരു ജല വർഷം 7.25 TMcft ജലം (മണക്കടവ് വെയറിൽ) കേരളത്തിന് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ചാലക്കുടി നദീതടത്തിൽ കേരള ഷോളയാറിലേക്ക് 12.3 TMcft ജലവും, പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലേക്കും, ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 TMcft -യിൽ അധികമായി വരുന്ന 2.5 TMcft ജലം കേരളത്തിലെ ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്. |
| (ബി) നടപ്പുവർഷം എത്ര ടി.എം.സി വെള്ളം ലഭിച്ചു; | (ബി) | നടപ്പു ജലവർഷം ജനുവരി 31 വരെ കേരളത്തിന് മണക്കടവ് വിയറിൽ ഏകദേശം 4.518 TMcft ജലം ലഭിച്ചിട്ടുണ്ട്. കേരള ഷോളയാറിൽ ജനുവരി 31 വരെ ഏകദേശം 5.594 TMcft ജലം കിട്ടിയിട്ടുണ്ട്. കൂടാതെ കേരള ഷോളയാറിൽ ഉപയോഗിക്കാവുന്ന 3.746 TMcft ജലവും ഉണ്ട്. നീരാറിൽ ജനുവരി 31 വരെ ഏകദേശം 0.763 TMcft ജലം ലഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) ഇനി എത്ര ടി.എം.സി വെള്ളം ലഭിക്കുവാനുണ്ട്; | (സി) | നടപ്പു ജലവർഷത്തിലെ വിഹിതത്തിൽ നിന്ന് കേരളത്തിന് മണക്കടവ് വിയറിൽ ഏകദേശം 2.732 TMcft ജലം കൂടി ലഭിക്കാനുണ്ട്. കേരള ഷോളയാറിൽ ഏകദേശം 2.96 TMcft ജലം കൂടി കേരളത്തിന് ഈ ജലവർഷം കിട്ടാനുണ്ട്. |
| (ഡി) വെള്ളം സമയത്തിനു ലഭിക്കാത്തതുമൂലം ചിറ്റൂർ, പാലക്കാട് താലൂക്കുകളിൽ എത്ര ഏക്കർ നെൽകൃഷി നശിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) | വെള്ളം സമയത്തിന് ലഭിക്കാത്തതു മൂലം ചിറ്റൂർ, പാലക്കാട് താലൂക്കുകളിൽ 7946.2 ഏക്കറിൽ നെൽകൃഷി നശിച്ചിട്ടുണ്ട്. കൂടാതെ 7820 ഏക്കർ സ്ഥലത്തെ നെൽകൃഷി ഉണക്ക് ഭീഷണിയിലാണ്. |

സെക്ഷൻ ഓഫീസർ